**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2636** **13-12-2022 - ൽ മറുപടിയ്ക്ക്**

**എജ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ എടുത്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ പ്രഖ്യാപിച്ച എജ്യൂക്കേഷൻ ലോൺ റീപേയ്മെന്റ് സപ്പോർട്ട് സ്കീം സംബന്ധിച്ച് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പഠന പൂർത്തീകരണത്തിനു ശേഷം വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടക്കെണിയിലായവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാതിരിച്ചടവ് സഹായ പദ്ധതി സർക്കാർ ആവിഷ്കരിച്ചിരുന്നു. 16.05.2017-ലെ സ.ഉ(അച്ചടി)നം.65/2017/ധന നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്. |
| (ബി) | പ്രസ്തുത സ്കീമിൽ ധനസഹായം നൽകുന്നതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) | രണ്ട് തരത്തിലുള്ള വായ്പാ അക്കൗണ്ടുകൾക്കാണ് വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സഹായം അനുവദിച്ചു വരുന്നത്. സ്റ്റാൻഡേർഡ് കാറ്റഗറി അക്കൗണ്ടുകളും NPA കാറ്റഗറി അക്കൗണ്ടുകളും. 2012 ഏപ്രിൽ 1 നും 2016 മാർച്ച് 31 നും ഇടയിൽ തിരിച്ചടവ് തുടങ്ങിയതും 2016 മാർച്ച് 31 നകം NPA ആകാത്തതുമായ അക്കൗണ്ടുകളാണ് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെടുന്നത്. തിരിച്ചടവ് തുടങ്ങിയ തീയതി പരിഗണിക്കാതെ 2016 മാർച്ച് 31 നകം NPA ആയ എല്ലാ അക്കൗണ്ടുകളും NPA കാറ്റഗറിയിൽ ഉൾപ്പെടുന്നു.<br><br>പദ്ധതി മാനദണ്ഡപ്രകാരം നഴ്സിംഗ് കോഴ്സുകൾക്ക് മെരിറ്റ്/മാനേജ്മെന്റ് വ്യത്യാസമില്ലാതെ തന്നെ സഹായം നൽകുന്നുണ്ട്. എന്നാൽ, നഴ്സിംഗ് ഇതര കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ചവർക്കു മാത്രമേ പദ്ധതി സഹായം ലഭ്യമാക്കാൻ കഴിയൂ. കൂടാതെ, നഴ്സിംഗ് ഇതര കോഴ്സുകളിലെ ഫീസ് സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിലെയോ, LBS, CAPE, IHRD, CCEK, SCT, Universities in Kerala തുടങ്ങി സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെയോ മെറിറ്റ്/ ഫ്രീ ഷിപ്പ് സീറ്റുകളിലെ ഫീസ് നിരക്കിന് അനുസരിച്ചായിരിക്കുകയും വേണം. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സ്കീം പ്രകാരമുള്ള തുക വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | മേൽപിരിവിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതും ബാങ്ക്തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭിക്കുന്നതുമായ എല്ലാ അപേക്ഷകളിലും സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. അർഹരായ ഇത്തരം അപേക്ഷകരുടെ കാര്യത്തിൽ ഓൺലൈൻ അപേക്ഷയിൽ തീരുമാനമാകുന്നതു വരെ റിക്കവറി നടപടികൾ താല്ക്കാലികമായി നിർത്തി വയ്ക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്കീം പ്രകാരം 2017 മുതൽ ആനുകൂല്യങ്ങൾക്ക് അർഹത ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ സാമ്പത്തിക വർഷം ബാങ്കുകൾ ജപ്തി നടപടി ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | മേൽപിരിവിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതും ബാങ്ക്തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭിക്കുന്നതുമായ എല്ലാ അപേക്ഷകളിലും സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. അർഹരായ ഇത്തരം അപേക്ഷകരുടെ കാര്യത്തിൽ ഓൺലൈൻ അപേക്ഷയിൽ തീരുമാനമാകുന്നതു വരെ റിക്കവറി നടപടികൾ താല്ക്കാലികമായി നിർത്തി വയ്ക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്കീം പ്രകാരം ധനസഹായത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാക്കാമോ; | (ഇ) | പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. ഈ തീയതി വരെ 78062 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 21100 അപേക്ഷകളിലായി 209.11 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുമുണ്ട്. 37471 അപേക്ഷകൾ ബാങ്ക്തല പരിശോധനയിൽ നിരസിക്കപ്പെട്ടിട്ടുണ്ട്. ബാങ്ക് തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്ന യോഗ്യതയുള്ള അപേക്ഷകളിന്മേൽ സർക്കാർ വിഹിതം അനുവദിച്ചു വരുന്നു. |
| (എഫ്) | നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്നറിയിക്കാമോ; | (എഫ്) | പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. ഈ തീയതി വരെ 78062 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 21100 അപേക്ഷകളിലായി 209.11 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുമുണ്ട്. 37471 അപേക്ഷകൾ ബാങ്ക്തല പരിശോധനയിൽ നിരസിക്കപ്പെട്ടിട്ടുണ്ട്. ബാങ്ക് തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്ന യോഗ്യതയുള്ള അപേക്ഷകളിന്മേൽ സർക്കാർ വിഹിതം അനുവദിച്ചു വരുന്നു. |
| (ജി) | അപേക്ഷ നൽകിയ അർഹരായ എല്ലാവർക്കും പ്രസ്തുത സ്കീം പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ജി) | പദ്ധതിയുടെ കീഴിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 31.01.2018 ആയിരുന്നു. ഈ തീയതി വരെ 78062 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 21100 |

| | | | |
|---|---|---|---|
| | | | അപേക്ഷകളിലായി 209.11 കോടി രൂപ സർക്കാർ വിഹിതമായി അനുവദിച്ചിട്ടുമുണ്ട്. 37471 അപേക്ഷകൾ ബാങ്ക്തല പരിശോധനയിൽ നിരസിക്കപ്പെട്ടിട്ടുണ്ട്. ബാങ്ക് തല പരിശോധന കഴിഞ്ഞ് സർക്കാരിൽ ലഭ്യമാകുന്ന യോഗ്യതയുള്ള അപേക്ഷകളിന്മേൽ സർക്കാർ വിഹിതം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ